(ഡി) നടപ്പുവർഷം കേന്ദ്ര വിഹിതത്തിൽ കുറവ് വരുത്തിയതായി ഇതുവരെയും യാതൊരുവിധ അറിയിപ്പും ലഭിച്ചിട്ടില്ല.

രാജീവ്ഗാന്ധി തീവ്ര ഗ്രാമീണശുദ്ധജല പദ്ധതി

83 (975) ശ്രീ. മഞ്ഞളാംകുഴി അലി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജല വിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) രാജീവ്ഗാന്ധി തീവ്രഗ്രാമീണ ശുദ്ധജല പദ്ധതിപ്രകാരം കേന്ദ്രം സംസ്ഥാനത്തിന് എത്ര തുക അനുവദിച്ചിട്ടുണ്ടെന്ന് വെളിപ്പെടുത്തുമോ ;

(ബി) കഴിഞ്ഞവർഷം അനുവദിച്ച തുക ചെലവഴിക്കാത്തതിന്റെ പേരിൽ അനുവദിച്ച തുകയിൽ 12 കോടി 86 ലക്ഷം രൂപ കേന്ദ്രം തിരിച്ചെടുക്കുകയുണ്ടായോ ; എങ്കിൽ വിശദാംശം വ്യക്തമാക്കുമോ ;

(സി) അനുവദിച്ച തുക വിനിയോഗിക്കാത്തതിനാൽ ഇക്കൊല്ലം കേരളത്തിനുള്ള പ്രസ്തുത പദ്ധതി വിഹിതത്തിൽ 26 കോടി 33 ലക്ഷം രൂപ കുറവ് വരുത്തുകയുണ്ടായോ ;

(ഡി) പ്രസ്തുത പദ്ധതി പ്രകാരം അനുവദിച്ച തുക യഥാസമയം ചെലവഴിക്കാതിരുന്നതിന്റെ കാരണങ്ങൾ എന്തെല്ലാമാണെന്ന് പരിശോധിച്ചിട്ടുണ്ടോ ; എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ ?

ഉത്തരം

(എ) 2000-2001-ൽ 51.44 കോടി രൂപയും 2001-2002-ൽ 50.43 കോടി രൂപയും 2002-2003-ൽ 18.99 കോടി രൂപയും അനുവദിച്ചിട്ടുണ്ട്.

(ബി) 2000-2001-ൽ അനുവദിച്ച തുകയും മുൻ നീക്കിയിരിപ്പും നിയമ പ്രകാരം ചെലവഴിക്കാത്തതുകാരണമാണ് 2001-2002-ൽ 12 കോടി 86 ലക്ഷം രൂപ കേന്ദ്രം അനുവദിക്കാതിരുന്നത്.

(സി) ഇല്ല.

(ഡി) പദ്ധതിക്കാവശ്യമായ പൈപ്പുകൾ യഥാസമയം വാങ്ങുവാനുണ്ടായ കാലതാമസവും പദ്ധതിക്കാവശ്യമായ സ്ഥലം പഞ്ചായത്തുകൾ ഏറ്റെടുത്ത് കൃത്യസമയത്ത് വാട്ടർ അതോറിറ്റിക്ക് കൈമാറാത്തതും ടെണ്ടർ നടപടികളിലുണ്ടായ കാലതാമസവുമാണ് അനുവദിച്ച തുക യഥാസമയം ചെലവഴിക്കാൻ സാധിക്കാത്തതിനുള്ള കാരണം.

റാന്നി നിയോജകമണ്ഡലത്തിലെ രാജീവ്ഗാന്ധി നാഷണൽ ഡ്രിങ്കിംഗ് വാട്ടർ മിഷൻ

84 (976) ശ്രീ. രാജു എബ്രഹാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) രാജീവ് ഗാന്ധി നാഷണൽ ഡ്രിങ്കിംഗ് വാട്ടർ മിഷനിൽ ഉൾപ്പെടുത്തി റാന്നി നിയോജകമണ്ഡലത്തിൽ ഏതൊക്കെ പദ്ധതികളാണ് നിർമ്മാണത്തിലിരിക്കുന്നത് ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) ഇവയുടെ നിർമ്മാണം എന്നാണ് ആരംഭിച്ചത് ;

(സി) ഓരോ നിർമ്മാണ പ്രവർത്തിയുടെയും പേരും നിർമ്മാണ പുരോഗതിയും വിശദീകരിക്കാമോ ; പദ്ധതികൾ കമ്മീഷൻ ചെയ്യുവാൻ ഉദ്ദേശിക്കുന്ന നടപടികൾ വിശദീകരിക്കാമോ ?

ഉത്തരം

(എ) പദ്ധതികളുടെ വിവരം അനുബന്ധമായി ചേർത്തിരിക്കുന്നു.*

(ബി) അനുബന്ധമായി ചേർത്തിരിക്കുന്ന പട്ടികയിൽ കൊടുത്തിട്ടുണ്ട്.

(സി) വിശദവിവരം അനുബന്ധത്തിൽ ചേർത്തിട്ടുണ്ട്. *

ത്വരിത ഗ്രാമീണ ശുദ്ധജല വിതരണത്തിനുള്ള കേന്ദ്രസഹായം

85 (977) ശ്രീ. ടി. കെ. ബാലൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ത്വരിത ഗ്രാമീണ ശുദ്ധജല വിതരണ പദ്ധതിക്ക് ഈ സാമ്പത്തിക വർഷത്തിൽ കേന്ദ്ര സർക്കാർ അനുവദിച്ച ഗ്രാന്റ് എത്രയാണ് ;

(ബി) കഴിഞ്ഞ വർഷം കേന്ദ്രം അനുവദിച്ച ഗ്രാന്റ് മുഴുവനും ചെലവഴിക്കാത്തതുകാരണം സംസ്ഥാനത്തിനുള്ള കേന്ദ്ര വിഹിതം ഇക്കാര്യത്തിൽ വെട്ടിക്കുറയ്ക്കാൻ ഇടയായ സാഹചര്യത്തെക്കുറിച്ച് സർക്കാർ അന്വേഷിച്ചിട്ടുണ്ടോ ;

(സി) ഉണ്ടെങ്കിൽ ഇത്തരമൊരു വീഴ്ചയ്ക്ക് ഉത്തരവാദികളായവരുടെ പേരിൽ നടപടി സ്വീകരിക്കുമോ ;

(ഡി) ഈ പദ്ധതിയ്ക്ക് കൂടുതൽ കേന്ദ്ര സഹായം നേടുന്നതിനുള്ള പരിശ്രമം നടത്തുമോ ?

ഉത്തരം

(എ) ഈ സാമ്പത്തിക വർഷത്തിൽ (2003-2004) ഇതുവരെയും ഒരു തുകയും അനുവദിച്ചിട്ടില്ല.

(ബി) കഴിഞ്ഞ വർഷം (2002-2003) ലഭിച്ച തുകയും, മുൻ നീക്കിയിരിപ്പും നിയമപ്രകാരം ചെലവാക്കേണ്ടിയിരുന്നതു മുഴുവനും ചെലവഴിച്ചിട്ടുണ്ട്.

(സി) ബാധകമല്ല.

(ഡി) ശ്രമം നടത്തി വരികയാണ്.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

LIBRARY ARCHIVES Kerala Legislative Assembly